കേരള സർക്കാർ

പൊതുമരാമത്തും രജിസ്ട്രേഷനും
വകുപ്പുമന്ത്രിയുടെ ഓഫീസ്
ഗവൺമെന്റ് സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
ഫോൺ-ഓഫീസ് : 0471-2333487
ഫാക്സ് : 0471-2333460

***പ്രസിദ്ധീകരണത്തിന്***

തീയതി 31.12.2020

# വൈറ്റില, കുണ്ടന്നൂർ മേൽപ്പാലങ്ങൾ ജനുവരി 9 ന് മുഖ്യമന്ത്രി നാടിന് സമർപ്പിക്കും - മന്ത്രി ജി.സുധാകരൻ

ദേശീയപാതയിലെ വൈറ്റില, കുണ്ടന്നൂർ മേൽപ്പാലങ്ങൾ 2021 ജനുവരി 9 ന് പൊതുമരാമത്ത് വകുപ്പ് മന്ത്രി ജി.സുധാകരൻ അദ്ധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ കേരള മുഖ്യമന്ത്രി പിണറായി വിജയൻ നാടിന് സമർപ്പിക്കും. ചടങ്ങിൽ ധനകാര്യ വകുപ്പ് മന്ത്രി ഡോ.ടി.എം. തോമസ് ഐസക് മുഖ്യാതിഥിയാകും. കൊച്ചി കോർപ്പറേഷൻ മേയർ അഡ്വ. എം. അനിൽകുമാർ, ഹൈബി ഈഡൻ എം.പി, എം. സ്വരാജ് എം.എൽ.എ, പി.ടി.തോമസ് എം.എൽ.എ, ജോർജ്ജ് ഫെർണാണ്ടസ് എം.എൽ.എ ഉൾപ്പെടെയുള്ള ജനപ്രതിനിധികൾ ചടങ്ങിൽ പങ്കെടുക്കുമെന്നും മന്ത്രി ജി.സുധാകരൻ അറിയിച്ചു.

കൊല്ലം ജില്ലയിൽ നിന്നും എറണാകുളത്തേയ്ക്കുള്ള 150 കിലോമീറ്റർ ദൂരത്തിനുള്ളിൽ രണ്ട് ബൈപ്പാസുകൾ, മൂന്ന് മേൽപ്പാലങ്ങൾ ഉൾപ്പെടെ 950 കോടി രൂപ ചെലവഴിച്ച് നിർമ്മിച്ച അഞ്ച് പ്രധാന പദ്ധതികൾ പിണറായി സർക്കാർ അധികാരത്തിലെത്തി അഞ്ച് വർഷത്തിനുള്ളിൽ പൂർത്തീകരിക്കാൻ കഴിഞ്ഞുവെന്നത് പൊതുമരാമത്ത് വകുപ്പിന്റെ നേട്ടമായി ചൂണ്ടിക്കാട്ടുവാൻ കഴിയുമെന്ന് മന്ത്രി പറഞ്ഞു. സംസ്ഥാന സർക്കാരിന്റെ കിഫ്ബി ഫണ്ട് ഉപയോഗിച്ച് പൊതുമരാമത്ത് വകുപ്പ് ദേശീയപാത വിഭാഗം നിർമ്മിക്കുന്ന വൈറ്റില, കുണ്ടന്നൂർ മേൽപ്പാലങ്ങൾ പൂർത്തിയാകുന്നതോടെ ഈ പ്രദേശത്തെ ഗതാഗത പ്രശ്നങ്ങൾക്ക് ശാശ്വതമായ പരിഹാരമുണ്ടാകുമെന്ന് മന്ത്രി പറഞ്ഞു. ഇതോടൊപ്പം മേയ് മാസത്തോടുകൂടി നൂറ് വർഷം നിലനിൽക്കുന്ന തരത്തിൽ പാലാരിവട്ടം മേൽപ്പാല നിർമ്മാണം പൂർത്തിയാകുന്നതോടെ എറണാകുളം നഗരത്തിലെ ഗതാഗതം സുഗമമാകുമെന്നും കാര്യക്ഷമമായ നിർമ്മാണ പ്രവർത്തനങ്ങൾ എല്ലാ കൃത്യതയോടെയും നിർവ്വഹിക്കാൻ പൊതുമരാമത്ത് വകുപ്പിന് കഴിഞ്ഞതായും മന്ത്രി ജി.സുധാകരൻ അറിയിച്ചു.

പിണറായി സർക്കാർ മുന്നോട്ട് വെച്ച വികസന മന്ത്രം അക്ഷരാർത്ഥത്തിൽ സാക്ഷ്യാത്ക്കരിക്കാൻ പൊതുമരാമത്ത് വകുപ്പിന് കഴിഞ്ഞിട്ടുണ്ട്. കൊല്ലം, ആലപ്പുഴ ബൈപ്പാസുകളുടെ നിർമ്മാണ ചെലവിന്റെ 50% സംസ്ഥാന സർക്കാരാണ് വഹിച്ചിട്ടുള്ളത്. പ്രതിസന്ധികൾക്കിടയിലും വികസന പ്രവർത്തനങ്ങൾ തടസ്സങ്ങളില്ലാതെ മുന്നോട്ട് കൊണ്ടുപോകുക എന്ന സർക്കാരിന്റെ ലക്ഷ്യം വൈറ്റില, കുണ്ടന്നൂർ മേൽപ്പാലങ്ങളുടെ പൂർത്തീകരണത്തോടെ യാഥാർത്ഥ്യമാകുകയാണ്. പിണറായി സർക്കാർ പൊതുമരാമത്ത് വകുപ്പിലൂടെ ജനങ്ങൾക്ക് നൽകുന്ന പുതുവത്സര സമ്മാനമാണ് വൈറ്റില, കുണ്ടന്നൂർ മേൽപ്പാലങ്ങളെന്നും മന്ത്രി ജി.സുധാകരൻ അറിയിച്ചു.